ശ്രീ. കെ. എം. കോര: ഇപ്പോൾ നമുക്ക് കൊടുക്കാൻ സാധിക്കുന്നതു് കാൽ കെട്ടുമതൽ അര കെട്ടുവരെയാണു്. അതിന്റെ നാലിരട്ടിക്കൂടി വന്നാൽ മതി.

പേപ്പർ മിൽ

*൨൦൧. (൧൫) ശ്രീ. പി. കെ. കുമാരൻ ഏചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഈ രാജ്യത്തെ ആവശ്യത്തിനു വേണ്ടതു കടലാസു് ഇവിടത്തെ പുനലൂർ പേപ്പർ മില്ലിൽ ഉണ്ടാക്കുന്നുണ്ടോ;

(ബി) പുനലൂർ പേപ്പർ മില്ലിൽ ഗവണ്മെന്റിനുള്ള ഷെയർ എത്ര;

(സി) ൧൯൫൯, ൧൯൬൦ ഈ വർഷങ്ങളിൽ പുനലൂർ പേപ്പർ മില്ലിൽ നിന്നും ഗവണ്മെന്റിനു് ലഭിച്ച ഡിവിഡൻറു് എത്ര?

വ്യവസായവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ):

(എ) ഇല്ല.

(ബി) ർ, ൧൦,൨൫൫ രൂപാ ൫ ണ. വ സ.

(സി) ൧൯൫൯-൬൦ ൧൦,൯൨ വ ൫ രൂപാ ൧൦ ണ.
൧൯൬൦ ൫൦-൬൧ ന. ൧,൯൨,൯൨൨ ൫ രൂപാ വ ണ.

ശ്രീ. പി. കെ. കുമാരൻ ഏചാരി: പുനലൂർ പേപ്പർ മില്ലിൽ പ്രധാനമായി ഏതുതരം കടലാസു് ആണു് ഉണ്ടാക്കുന്നതു്?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: അവിടെ ഉല്പാദിപ്പിക്കുന്നതിൽ നാൽപ്പതു ശതമാനം റൈറ്റിംഗ് പേപ്പർ ആണു്.

ശ്രീ. പി. കെ. കുമാരൻ ഏചാരി: അവിടെ ന്യൂസ്പേപ്പറിനുള്ള പേപ്പർ ഉണ്ടാക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: ഇല്ല.

ശ്രീ. പി. കെ. കുമാരൻ ഏചാരി: അതിനു് കാരണമെന്താണു്?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: അവിടെ അതിനുള്ള മെഷീനറി ഇല്ലാത്തതുകൊണ്ടാണു്.

ശ്രീ. പി. കെ. കുമാരൻ ഏചാരി: ഇവിടെ പേപ്പർ ഗവണ്മെന്റാവശ്യത്തിനു് വെളിയിൽനിന്നും വാങ്ങിക്കൊണ്ടിരിക്കെ അവിടെ ഉണ്ടാക്കുന്ന പേപ്പർ മുഴുവനും ഇവിടത്തെ ആവശ്യത്തിനായി ഉപയോഗപ്പെടുത്തുകയും അവിടെ ന്യൂസു് പ്രിൻറു് ഉണ്ടാക്കുന്നതിനുള്ള മെഷീനറി വരുത്തി ഗവണ്മെൻറു മാനേജുമെൻറിൽ മിൽ നടത്തുകയും ചെയ്യാൽ ഗവണ്മെൻറിനു് ആദായമുണ്ടാകയില്ലേ?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: ഈ വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനെ സംബന്ധിച്ചു് ഗവണ്മെൻറാലോചിച്ചുകൊണ്ടിരിക്കുകയാണു്. ൧൯൬൧-നോടുകൂടി അതു് നടപ്പിൽ വരുമെന്നു വിശ്വസിക്കുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള: അവിടെ ഉല്പാദിപ്പിക്കുന്ന പേപ്പർ സെൻട്രൽ ഗവണ്മെൻറിനെ എല്പിക്കണമെന്നു് വല്ല നിബ്ബന്ധവുമുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: നിബ്ബന്ധമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാമചന്ദ്രൻ: ക ന ര ന — ൫ ൦ -ൽ അവിടത്തെ തൊഴിലാളി കൾക്ക് എത്ര ശതമാനം ബോണസ്സ് കൊടുത്തു?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: ആ ചോദ്യം ഇതിൽനിന്നുദി ക്കുന്നില്ല.

പട്ടികജാതി

*൨൦൨. (ക ന്യ) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറ യുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വിശ്വകർമ്മസമുദായത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്തണ മെന്നു് അവർ ഗവൺമെൻറിനോടു് ആവശ്യപ്പെട്ടിട്ടുണ്ടോ?

(ബി) ഈ സമുദായത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്താഞ്ഞതിനു ള്ള കാരണങ്ങൾ എവ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഉണ്ടു്.

(ബി) വിശ്വകർമ്മസമുദായത്തെ സംബന്ധിച്ചിടത്തോളം, സാക്ഷരത യിലും സാമ്പത്തികസ്ഥിതിയിലും നോക്കുന്ന പക്ഷം പട്ടികജാതിക്കാരുടെ കൂട്ട ത്തിൽ ഉൾപ്പെടുത്തത്തക്കവിധം അവരുടെ നില അത്ര മോശമല്ലാ.

ശ്രീ. പി. കെ. കുമാരൻ ആചാരി: ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള വർ എത്ര നിലയിൽ ഇരിക്കുന്നു എന്നു പറയാമോ?

ശ്രീ. സി. കേശവൻ: അതിന്റെ സെൻസസ്സു് എടുത്തിട്ടില്ല.

ശ്രീ. പി. കെ. കുമാരൻ ആചാരി: പിന്നെ എന്തുകൊണ്ടാണു് അവരെ പട്ടികജാതിയിൽ ഉൾപ്പെടുത്താതിരുന്നതു്?

ശ്രീ. സി. കേശവൻ: സാധാരണയായി പട്ടികജാതിയിൽ ഉൾപ്പെടുത്തു ന്നതു് മലയരയൻ, വേലൻ, വാലൻ മുതലായ സാക്ഷരതാ കുറവായതും, സാ മ്പത്തികനിലയും സാമുദായികസ്ഥിതിയും മോശമായിട്ടുള്ളവരെയാണു്. കമ്മാള സമുദായത്തെ അതിൽ ഉൾപ്പെടുത്തുന്നതു് അവരുടെ സമുദായത്തിനു് ആക്ഷേപ കരമായിട്ടുള്ളതാണെന്നു കരുതി ചേർക്കാതിരുന്നതാണു്.

ശ്രീ. പി. കെ. കുമാരൻ ആചാരി: അവർക്കു് അതിൽ ആക്ഷേപമില്ലെ ന്നറിയാമോ?

ശ്രീ. സി. കേശവൻ: അവർക്കു് ആക്ഷേപമില്ലെങ്കിലും ഗവൺമെൻറിനു അവരെ പട്ടികജാതിക്കാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതു് ശരിയല്ല എന്നു തോന്നി.

ശ്രീ. പി. കെ. കുമാരൻ ആചാരി: അവരെ ഏതു് ലിസ്റ്റിലാണുൾപ്പെട ത്തിയിട്ടുള്ളതു്?

ശ്രീ. സി. കേശവൻ: അവരെ വിദ്യാഭ്യാസ സൌജന്യങ്ങൾക്കും മറ്റുമാ യി ബാക്ക്വേർഡ് കമ്മ്യൂണിറ്റിസിന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിരിക്ക കയാണു്.

ശ്രീ. കെ. രാമചന്ദ്രൻ: ഈ സമുദായങ്ങളെ സംബന്ധിച്ചിടത്തോളം ഒരു സാമ്പത്തികസർവ്വേ നടത്തിയിട്ടുണ്ടോ?

Mr. Speaker: The question does not arise.

LIBRARY ARCHIVES Kerala Legislative Assembly